ॐ



ഓം നമോ ഭഗവതേ ധർമ്മായാത്മവിശോധനായ നമ ഇതി (5-18-2)
ഓം നമോ ഭഗവതേ നരസിംഹായ നമസ്തേജസ്തേജസേ
ആവിരാവിർഭവ വജ്രനഖ വജ്രദംഷ്ട്ര കർമ്മാശയാൻ
രന്ധയ രന്ധയ തമോ ഗ്രസ ഗ്രസ ഓം സ്വാഹാ
അഭയമഭയമാത്മനി ഭൂയിഷ്ഠാ ഓം ക്ഷ്‌റൗം (5-18-8)
ഓം ഹ്രാം ഹ്രീം ഹ്രൂം ഓം നമോ ഭഗവതേ ഋഷീകേശായ സർവ്വ
ഗുണവിശേഷൈർവ്വിലക്ഷിതാത്മനേ ആകൂതീനാം ചിത്തീനാം
ചേതസാം വിശേഷണാം ചാധിപതയേ ഷോഡശകലായച്
ഛന്ദോമയായന്നമയായാമൃതമയായ സർവ്വമയായ സഹസേ ഓജസേ
ബലായ കാന്തായ കാമായ നമസ്തേ ഉഭയത്ര ഭൂയാത് (5-18-18)

ശുകമുനി തുടർന്നു: ഭദ്രാശ്വം എന്ന ഭൂഖണ്ഡത്തിൽ ഭദ്രാശ്രവൻ തൻെറ പ്രജകളോടൊത്ത് ഭഗവാൻ വാസുദേവനെ ഹയഗ്രീവനെന്ന അവതാരരൂപത്തിൽ ഇങ്ങിനെ ആരാധിച്ചു വാഴ്ത്തുന്നു. “ധർമ്മദേവതയായ അവിടുന്ന് ആത്മശുദ്ധിയേകുന്നവനാണ്. അങ്ങേയ്ക്ക് നമസ്കാരം. ബുദ്ധിയും ചിന്താശക്തിയുമുള്ളവർ പോലും മരണം ഏതുനേരവും തങ്ങളെ കീഴ്പ്പെടുത്തുമെന്ന ബോധമില്ലാതെ ലൗകീകസുഖങ്ങളിൽ ആസക്തരായി കഴിയുന്നു. സ്വന്തം പിതാവിനേയോ മകനേപ്പോലുമോ ചിതയിൽ ദഹിപ്പിച്ചയുടനെ തന്നെ അവർ വിഷയസുഖങ്ങളിൽ വ്യാപരിക്കുന്നു. അങ്ങ് മായാതീതനും കർമ്മങ്ങൾ ബാധിക്കാത്തവനുമാണ്. എങ്കിലും ഒന്നിൻേറയും നിയമങ്ങൾക്ക് വിധേയമാവാതെ തന്നെ എല്ലാത്തിൻേറയും അധിപനുമാണ്. ഹയഗ്രീവന് നമോവാകം.”

ഹരിവർഷം എന്ന ഭൂഖണ്ഡത്തിൽ ദേവതകളും മനുഷ്യരും രാക്ഷസരും ഭഗവാനെ നരസിംഹരൂപത്തിലാരാധിച്ചു വാഴ്ത്തുന്നു. “നരസിംഹഭഗവാന് നമോവാകം. വെളിച്ചത്തിൻെറ വെളിച്ചമാണങ്ങ്. അങ്ങേക്ക് അതിശക്തമായ ദംഷ്ട്രങ്ങളും നഖങ്ങളുമുണ്ട്. ഞങ്ങൾക്ക് വേണ്ടി അങ്ങയുടെ പൂർണ്ണരൂപം വെളിപ്പെടുത്തി ഞങ്ങളെ കർമ്മഫലങ്ങളിൽനിന്നും മോചിപ്പിച്ചാലും. ഞങ്ങളുടെ അജ്ഞാനമാകുന്ന ഇരുട്ടിനെ വിഴുങ്ങിയാലും. ഓം സ്വാഹാ: ഞങ്ങൾക്ക് അഭയം നൽകിയാലും. ഓം ക്ഷരൗം. എല്ലാ ജനങ്ങളും സന്തുഷ്ടരും ദുഷ്ടന്മാർ നന്മ നിറഞ്ഞവരുമായിത്തീരട്ടെ. അവർ പരസ്പരം സ്നേഹിക്കാനിടവരട്ടെ. പാവപ്പെട്ട ഭക്തജനങ്ങൾക്കു സുഹൃത്തും ഏകസമ്പാദ്യവുമായ അവിടുന്ന് ഞങ്ങൾക്ക് ഏകാഗ്രത നൽകിയാലും. നന്മയുടേയും ജ്ഞാനത്തിൻേറയും പാതയിൽനിന്നുമകറ്റുന്ന ഇന്ദ്രിയസുഖലോലുപത്വം ഞങ്ങളിലുണ്ടാകാതിരിക്കട്ടെ. അവിടുത്തെ താമരപ്പാദങ്ങളെ മറന്നുള്ള ജിവിതം, ഞങ്ങളുടെ ജീവൻെറ നിദാനമായ അവിടുത്തെ മറന്നുകൊണ്ട് കഴിയുകമൂലം ഞങ്ങൾക്ക് ബന്ധനവും ദുരിതവും അനുഭവിക്കേണ്ടിവരുന്നു. ഇതിനെയെല്ലാം ഉപേക്ഷിച്ച് നരസിംഹദേവനെ ആരാധിക്കുന്നതുമൂലം ഒരുവൻ എല്ലാ ഭയങ്ങളിൽനിന്നും മോചിതനാവുന്നു.”

കേതുമാലം എന്ന ഭൂഖണ്ഡത്തിൽ ഭഗവാൻ സ്നേഹസ്വരൂപനായി ലക്ഷ്മീദേവിയുടെ ഹൃദയ വാസനായി സംവത്സരത്തിൻെറ മക്കൾക്കും നാഥനായി പ്രദ്യുമ്നൻ എന്ന പേരിൽ ആരാധിക്കപ്പെടുന്നു. ലക്ഷ്മീദേവി, ഈ മക്കളോടൊത്ത് ഭഗവാനെ ഇങ്ങിനെ പ്രകീർത്തിക്കുന്നു. “ഓം ഹ്രം ഹ്രീം ഹ്രൂം. ഇന്ദ്രിയങ്ങളുടെ ദേവനായ അവിടേയ്ക്ക് നമോവാകം. മറ്റെല്ലാ പ്രകൃതിസ്വഭാവങ്ങളിൽ നിന്നും ഭിന്നനും, ഇന്ദ്രിയമനോബുദ്ധികളുടേയും അറിവിൻേറയും നിയന്താവും, പതിനാറുകലകളും സമ്പൂർണ്ണമായി ഒത്തുചേർന്നവനും, വേദങ്ങൾ മൂർത്തീകരിച്ചപോലെയുള്ളവനും, അമർത്ത്യതയും, ആഹാരവും, എല്ലാമെല്ലാമായ അങ്ങേയ്ക്കു നമോവാകം. കാന്തശക്തിയും, ബലവും, അധികാരവും എല്ലാം അങ്ങുതന്നെ. അങ്ങേയ്ക്ക് നമസ്കാരം. അങ്ങയെ പൂജിക്കുന്നവർ അവിടുന്ന് തങ്ങളുടെ ഏകാവലംബമാവുക എന്ന വരം ചോദിക്കുന്നതിനു പകരം മറ്റുവിലകുറഞ്ഞ കാര്യങ്ങൾ വരമായി ചോദിക്കുന്നത് എത്ര പരിതാപകരം! കരുണയോടെ അവിടുത്തെ താമരക്കൈകൾ ഞങ്ങളുടെ ശിരസിൽവച്ച് അനുഗ്രഹം നൽകിയാലും. ”